# ‘നല്ല ഹൃദയത്തിനു ഉടമകളാകുക’

## സദൃശ്യവാക്യങ്ങൾ 4:23

‘സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊള്ളുക. ജീവന്റെ ഉത്ഭവം ഹൃദയത്തിൽ നിന്നല്ലോ ആകുന്നത്.’

മനുഷ്യ ശരീരത്തിലെ പ്രധാന അവയവമാണ് ഹൃദയം. ഹൃദയത്തിന്റെ ശരിയായ പ്രവർത്ത നത്തിലൂടെയാണ് മനുഷ്യജീവൻ നിലനിൽക്കുന്നത്. വചനം നമ്മെ അനുശാസിക്കുന്നതും അതുതന്നെ. ജീവന്റെ ഉത്ഭവം ഹൃദയത്തിൽ നിന്ന് ആയിരിക്കുകയാൽ, അതിനെ സകല ജാഗ്രതയോടും കാത്തുകൊള്ളുക. വാസ്തവത്തിൽ ഹൃദയത്തെ ജാഗ്രതയോടെ കാത്തു കൊള്ളുന്നതിന്റെ ആവശ്യകത എന്താണ്? നല്ല മനുഷ്യൻ ഹൃദയത്തിൽ നിന്നും നല്ലതു പുറപ്പെടുവിക്കുന്നു. വ്യക്തിത്വത്തെ വിലയിരുത്തുന്നത് ഹൃദയത്തിന്റെ അവസ്ഥയിൽ നിന്നാണ്. ഒരു വ്യക്തിയുടെ ബാഹ്യവും ആന്തരികവുമായ ആരോഗ്യത്തിന്റെ മാനദണ്ഡം ഹൃദയമാണ്. ഹൃദയത്തിലെ ചിന്തകളും, വിചാരങ്ങളും, പ്രവർത്തികളും മനുഷ്യസ്വഭാവ ത്തിൽ വെളിപ്പെടുന്നു.

ഒരു നല്ല ഹൃദയത്തിനു ഉടമകളായിരിക്കാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. അസൂയയും, വിദ്വേഷവും, വെറുപ്പും നിറഞ്ഞു തുളുമ്പുന്ന ഒരു വ്യക്തിയുടെ ജീവിതം എപ്പോഴും ഇരുട്ടു നിറഞ്ഞതായിരിക്കും. ഹൃദയത്തിൽ നിന്നുള്ളതാണല്ലോ അധരം സംസാരിക്കുന്നത്. സ്നേഹവും, വിശ്വാസവും, ദൈവഭയവുമുള്ള ഒരു വ്യക്തിയുടെ നാവിൽ നിന്നും എപ്പോഴും സ്നേഹത്തിന്റെയും പ്രത്യാശയുടെയും വാക്കുകളേ വരൂ. അതായത് ദൈവസ്വഭാവമുള്ള ഒരു ഹൃദയമാണ് ദൈവം മനുഷ്യനിലും കാണപ്പെടാൻ ആഗ്രഹിക്കുന്നത്.

ജീവന്റെ ഉത്ഭവം ഹൃദയമാണെങ്കിൽ ആ ജീവൻ നിലനിർത്താൻ നാം ഹൃദയത്തിന്റെ ആരോഗ്യം എത്രമാത്രം ശ്രദ്ധിക്കും. അതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് ഹൃദയ ത്തിന്റെ ആന്തരികമായ ആരോഗ്യവും. ദൈവപൈതലിന്റെ ആത്മീയ ജീവൻ നില നിർത്തുന്നത് അവന്റെ ഹൃദയത്തിൽ ദൈവവുമായുള്ള ബന്ധത്തിൽ നിന്നാണ്. നന്മ നിറഞ്ഞ ഹൃദയത്തിന്റെ ഉടമ മറ്റുള്ള ജീവിതങ്ങളിലേക്കും നന്മ പകരുന്നു. ജീവന്റെ വചനം ഹൃദയത്തിൽ സംഗ്രഹിച്ച് അവയുടെ ഫലങ്ങളെ പുറപ്പെടുവിക്കുന്ന ഒരു വ്യക്തിയുടെ ജീവിതം അവനെ വിജയത്തിലേക്ക് നയിക്കുന്നു. ഒരു വൃക്ഷത്തെ അതിന്റെ ഫലംകൊണ്ട് തിരിച്ചറിയുന്നതുപോലെ ഹൃദയത്തിന്റെ യഥാർത്ഥമായ അവസ്ഥയാണ് ഒരു വ്യക്തിയുടെ ജീവിതത്തെ വരച്ചു കാട്ടുന്നത്.

നല്ല ഹൃദയത്തിന്റെ ഉടമകളായിരിക്കുക എന്നത് വളരെ സൗഭാഗ്യകരമായ ഒരു അവസ്ഥയാണ്. ഹൃദയം ദൈവകരങ്ങളിൽ കൊടുത്തിരിക്കുന്ന ഒരു ദൈവപൈതലിന്റെ ജീവിതം എപ്പോഴും ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നു. നമ്മുടെ ദൈവം ഹൃദയങ്ങളെ പരിശോധിക്കുന്നവനാണ്. ബാഹ്യമായതൊന്നും നമ്മെ വിശുദ്ധിയിലേക്ക് നയിക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ ഹൃദയത്തെ ജാഗ്രതയോടെ കാത്തുകൊള്ളേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യമർഹിക്കുന്നതാണ്. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. (മത്താ. 5:8) എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു.

ശുഭവചനങ്ങളാൽ കവിയുന്ന ഒരു ഹൃദയത്തിന് ഉടമകളായിരിക്കാൻ ദൈവസന്നിധിയിൽ പ്രാർത്ഥിക്കാം. നിത്യജീവൻ നിലനിർത്താനായി നമ്മുടെ ഹൃദയങ്ങളെ ജാഗ്രതയോടെ സൂക്ഷിക്കാൻ കഴിവുള്ളവനായ കർത്താവിന്റെ കരങ്ങളിലേക്ക് ഭരമേല്പിക്കാം. ഏതെല്ലാം പ്രലോഭനങ്ങളും പ്രതിസന്ധികളും ഉണ്ടായാലും നമ്മുടെ ഹൃദയത്തെ ഏകാഗ്രതയോടും, ജാഗ്രതയോടും കൂടെ ദൈവസന്നിധിയിൽ ഉറപ്പിക്കാം. ഹൃദയത്തിൽനിന്ന് അവിശ്വാസം, ആകുലത എന്നിങ്ങനെ സകല അശുദ്ധിയേയും നീക്കിക്കളയാം. കാൽവറി ക്രൂശിൽ നമുക്കായി ചൊരിഞ്ഞ കർത്താവിന്റെ രക്തത്താൽ കഴുകപ്പെടാനായി നമ്മുടെ ഹൃദയങ്ങളെ ഏല്പിച്ചു കൊടുക്കാം.

മധുരമുള്ള ഫലങ്ങൾ നാവിൽ മധുരം പകരുന്നതുപോലെ ഹൃദയത്തെ ദൈവാത്മാവിന്റെ ഫലങ്ങളാൽ നിറയ്ക്കുകയും മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യാം. ഈ ലോകത്തിന്റെ തിന്മകളിൽ നിന്നും വേറിട്ട് നിർമ്മലമായൊരു ഹൃദയത്തിനായി ദൈവത്തോട് യാചിക്കാം. ജീവന്റെ ഉത്ഭവമായ ഹൃദയത്തെ നമ്മിലും, മറ്റുള്ളവർക്കും നിത്യജീവൻ പ്രാപിക്കാൻ ഉതകുന്നതായി മാറ്റാം. ദാവീദ് ദൈവസന്നിധിയിൽ പ്രാർത്ഥിച്ചതുപോലെ നിർമ്മലമായ ഒരു ഹൃദയത്തിനായി നമുക്കും പ്രാർത്ഥിക്കാം (സങ്കീ. 51:1). നമ്മുടെ ഹൃദയത്തിൽ പകർന്നിരിക്കുന്ന ദൈവസ്നേഹത്തെ മറ്റുള്ളവർക്കും പങ്കുവെയ്ക്കാം. നിത്യജീവനായി നമ്മുടെ ഹൃദയങ്ങളെ ജാഗ്രതയോടെ സൂക്ഷിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

ലൂക്കോസ് 6:45

നല്ലമനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടൻ ദോഷമായതിൽ നിന്നു ദോഷം പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായി പ്രസ്താവിക്കുന്നതു.

സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 008